# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 177** **30.11.2015 ന് മറുപടിയ്ക്ക്**

## സമ്പൂർണ്ണ മദ്യ നിരോധനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എം.എ. വാഹീദ് :** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി)** |
| (എ) പത്ത് വർഷത്തിനകം സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;<br><br>(ബി) ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി; | (എ) യും (ബി) യും | മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും, മദ്യം, കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുന്നുവെന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ വരുന്ന 10 വർഷംകൊണ്ട് "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.<br><br>ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുള്ളത്.<br><br>ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ, ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടേയും, ബിയർ/ വൈൻ പാർലറുകളുടെയും പ്രവർത്തനസമയം $5^{1/2}$ മണിക്കൂർ കുറയ്ക്കുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്ന |

| | |
|---|---|
| | തിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി.<br>യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്ക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ ദുഃഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചിട്ടുമുണ്ട്. |
| (സി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്? | (സി) ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവഹിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവത്ക്കരണ വിഭാഗം രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. 2030 ആകുമ്പോഴേക്കും ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 2014-15 ലെ അബ്കാരി പോളിസിയിൽ വിഭാവനം ചെയ്തിട്ടുള്ള 'പുനർജനി 2030 പദ്ധതി' നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25.9.2015 ലെ ജി.ഒ.(എം.എസ്)നം.171/15/നി.വ. പ്രകാരം 'സുബോധം' പദ്ധതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Hari.V

**സെക്ഷൻ ഓഫീസർ**